പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 149 11.08.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുവാൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.എസ്.ശിവകുമാർ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, എ.പി. അനിൽ കുമാർ<br>,, അൻവർ സാദത്ത് | തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | കെ.എസ്.ആർ.ടി.സി. സർവ്വീസ് ഓപ്പറേഷൻ ശാസ്ത്രീയവും ലാഭകരവും ആക്കുവാൻ മാനേജ്മെന്റ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിനായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.<br>സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000/- രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്.<br>1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് |

| | | | |
|---|---|---|---|
| | | | ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്.<br>യാത്രക്കാരെ ആകർഷിക്കുന്നതിനും പൊതുജനങ്ങൾക്ക് പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br>സർക്കാരിന്റെ സ്ത്രീ സുരക്ഷ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ രണ്ട് പിങ്ക് ബസ്സുകൾ ഇതിനോടകം തന്നെ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.<br>സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും, കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്.<br>ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്.<br>സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭി ക്കുന്നതാണ്.<br>വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൽ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടി യായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈകൊണ്ടിട്ടുണ്ട്.<br>പഴക്കം ചെന്ന സൂപ്പർ ക്ലാസ് ബസുകൾ മാറ്റുന്നതിലേക്കായും പുതിയ സർവീസുകൾ ആരംഭിക്കുന്നതിലേക്കുമായി 900 ബസുകൾ വാങ്ങുന്നതിനായി KIIFB ഫണ്ടിംഗ് ലഭ്യമാ ക്കുന്ന വിഷയം പരിശോധിച്ച് വരികയാണ്.<br>മെക്കാനിക്കൽ ജീവനക്കാരുടെ സമയ ക്രമം, ബസുകൾ സർവീസ് കഴിഞ്ഞു വരുന്ന സമയത്തിനനുസൃതമായി പുന:ക്രമീകരിച്ച തിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br>മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാന ഭാരം കുറയ്ക്കുന്നതിനും ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും Pneumatic impact wrench, Torque multiplier, Automatic tyre changer, Heavy duty portable cutting |

| | | | |
|---|---|---|---|
| | | | machine, Hydraulic trolley jack, Hydraulic floor jack മുതലായ ആധുനിക ഉപകരണങ്ങൾ കൂടി വാങ്ങി നല്കുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.<br>മെക്കാനിക്കൽ വിഭാഗത്തിൽ Work-norms പരിഷ്കരിച്ച് ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും, മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ പ്രൊഡക്ടീവിറ്റി കൗൺസലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>ഫ്ളീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽ നിന്നും ദേശീയ ശരാശരിയിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) | സുശീൽഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. നടപ്പാക്കിയ പരിഷ്ക്കാരങ്ങളോട് ജീവനക്കാരുടെ സമീപനം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രൊഫ.സുശീൽ ഖന്നയുടെ പ്രാഥമിക ശുപാർശകളുടെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.യിൽ നടപ്പാക്കിയ പരിഷ്കരണങ്ങളോട് തൊഴിലാളികൾക്ക് സമ്മിശ്ര പ്രതികരണമാണ് ഉണ്ടായിട്ടുള്ളത്. |
| (സി) | തൊഴിൽ നിയമങ്ങൾ കാറ്റിൽ പറത്തി വികലമായ ഉത്തരവുകളാണ് കെ.എസ്.ആർ.ടി.സി. മാനേജ്മെന്റ് പുറത്തിറക്കുന്നത് എന്ന തൊഴിലാളി യൂണിയനുകളുടെ ആക്ഷേപം വസ്തുതാപരമാണോ എന്നറിയിക്കാമോ; | (സി) | വസ്തുതാപരമല്ല. |
| (ഡി) | വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യിലെ "സംഘ | (ഡി) | കാലാകാലങ്ങളായി കെ.എസ്.ആർ.ടി.സി.യിലെ അംഗീകൃത - രജിസ്റ്റേഡ് തൊഴിലാളി |

| | | | |
|---|---|---|---|
| | ടനകൾ മാനേജ്മെന്റ് മുമ്പാകെ വച്ചിട്ടുള്ള നിർദ്ദേശങ്ങൾ അവരുമായി ചർച്ചചെയ്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | സംഘടനകൾ കോർപ്പറേഷന്റെ വരുമാന വർദ്ധനവിനും, കാര്യക്ഷമമായ പ്രവർത്തനത്തിനും ഉതകുന്ന തരത്തിലുള്ള നിർദ്ദേശങ്ങൾ മാനേജ്മെന്റിന് സമർപ്പിക്കുകയും, ആയവ സംഘടനാ പ്രതിനിധികളുമായുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്നും ഇത്തരത്തിൽ തൊഴിലാളി സംഘടനകൾ സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ അവരുമായി ചർച്ച ചെയ്ത് കോർപ്പറേഷനിൽ നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ